പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 3067

11 .12.2014-ൽ
മറുപടിയ്ക്ക്

# 'റവന്യു ദിനം'

**ചോദ്യം**

ശ്രീ. എം.പി. വിൻസന്റ്
ശ്രീ. സി.പി.മുഹമ്മദ്
ശ്രീ. പി.എ.മാധവൻ
ശ്രീ. അൻവർ സാദത്ത്

(എ) റവന്യു ദിനം പ്രഖ്യാപിച്ച് ആഘോഷങ്ങൾ നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ആഘോഷങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ എന്തെല്ലാമാണ്;

(സി) റവന്യു വകുപ്പിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ഇതോടനുബന്ധിച്ച് ആവിഷ്ക്കരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(ഡി) എന്തെല്ലാം തുടർനടപടിയാണ് ഇതിന്മേൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**മറുപടി**

ശ്രീ.അടൂർ പ്രകാശ്
റവന്യൂവും കയറും വകുപ്പ് മന്ത്രി

(എ) ഉണ്ട്

(ബി) ഫെബ്രുവരി 24-ാം തീയതിയാണ് റവന്യു ദിനമായി നിശ്ചയിച്ചിരിക്കുന്നത്. ഇതിന്റെ ഭാഗമായി റവന്യു ഓഫീസുകൾ വഴി പൊതുജനങ്ങൾക്ക് നൽകുന്ന സേവനം മെച്ചപ്പെടുത്തുന്നതിനും ജീവനക്കാരുടെ ഉത്സാഹം ഉണർത്തുന്നതിനുമായി സംസ്ഥാനത്തെ ഓരോ ജില്ലയിലെയും മികച്ച ഡെപ്യൂട്ടി കളക്ടർ, മികച്ച തഹസീൽദാർ മികച്ച സേവനം കാഴ്ച വെയ്ക്കുന്ന മൂന്ന് വില്ലേജാഫീസർമാർ എന്നിവരെ തിരഞ്ഞെടുത്ത് പുരസ്കാരങ്ങൾ നൽകുകയുണ്ടായി. കൂടാതെ സംസ്ഥാനത്ത് ഏറ്റവും സ്തുത്യർഹവും പ്രശംസനീയവുമായ സേവനം കാഴ്ച വെച്ച ജില്ലാ കളക്ടർക്കും അന്നേ ദിവസം പുരസ്കാരം നൽകുകയുണ്ടായി. സർവ്വേ വകുപ്പിലെ മികച്ച ഉദ്യോഗസ്ഥർക്കും ടി ദിനത്തിൽ പുരസ്കാരങ്ങൾ നൽകിയിട്ടുണ്ട്.

(സി) റവന്യു ദിനാചരണവുമായി ബന്ധപ്പെട്ട് വകുപ്പിലെ എല്ലാ തലത്തിലുമുള്ള ജീവനക്കാർക്കും അവരുടെ പ്രവർത്തന മികവിനെ അടിസ്ഥാനമാക്കി പുരസ്ക്കാരങ്ങൾ നൽകി വരുന്നുണ്ട്. ഇത് കൂടുതൽ കാര്യക്ഷമവും മെച്ചപ്പെട്ടതുമായ സേവനം പൊതു ജനങ്ങൾക്ക് പ്രദാനം ചെയ്യാൻ ജീവനക്കാർക്ക് പ്രേരകമാകും. അത് മൂലം പൊതുജനങ്ങൾക്ക് വേഗത്തിലും കാര്യക്ഷമവുമായ സേവനം ലഭിക്കുന്നതാണ്.

(ഡി) റവന്യു വകുപ്പ് മുഖാന്തിരം നടപ്പിലാക്കുന്ന വിവിധ പദ്ധതികളിന്മേലുള്ള സെമിനാറുകളും ദുരന്ത നിവാരണ-ലഘൂകരണ പ്രവർത്തനങ്ങളുടെ കാര്യക്ഷമമായ നടത്തിപ്പിനും ഏകോപനത്തിനുമുതകുന്ന ശിൽപ്പശാലകളും സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു.

സെക്ഷൻ ഓഫീസർ